ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ, തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുന്നു.

(7) 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി ഒന്നും പറഞ്ഞില്ല. പഞ്ചായത്തിന് കീഴിൽ വരുന്ന കമ്പനികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി ഒരു വർഷമാണ്. അത് 3 വർഷമായി വർദ്ധിപ്പിക്കുന്ന ബില്ലാണ്. ബില്ലിലും അക്കാര്യം പറഞ്ഞിട്ടുണ്ട്; സർക്കാർ നിശ്ചയിച്ചിട്ടുമുണ്ട്. എന്തിനു നിശ്ചയിച്ചു? എന്താണ് കാരണം? അതു പറയണ്ടേ? അങ്ങനെ പറയുന്നേയില്ല. മന്ത്രി ഇവിടെ വിശദീകരിക്കുമ്പോൾ അതിനെ കുറിച്ച് എന്തെങ്കിലും പറയുമോയെന്ന് ഞാൻ ശ്രദ്ധിക്കുകയായിരുന്നു. ഒന്നും പറഞ്ഞില്ല. ഇതുകൊണ്ടുതന്നെ ഗവൺമെന്റിന്റേയും മന്ത്രിയുടേയും ഗൂഢലക്ഷ്യം വളരെ വ്യക്തമാണ്. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഇപ്പോൾ വളരെ മാതൃകാപരമായ ഒരു പ്രവർത്തനം ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രകൃതി സമ്പത്ത് യഥേഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

ചൂഷണം ചെയ്യുന്ന Multinational Company-കൾക്കെതിരെ അതിശക്തമായ നിലപാടാണ് കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇപ്പോൾ സ്വീകരിക്കുന്നത്. അതിന്റെ പ്രത്യക്ഷമായ ഉദാഹരണമാണ് പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിക്കെതിരെ പെരുമാട്ടി ഗ്രാമപഞ്ചായത്തും കഞ്ചിക്കോട്ട് പെപ്സി കമ്പനിക്കെതിരെ പുതുശ്ശേരി ഗ്രാമപഞ്ചായത്തും നടത്തിക്കൊണ്ടിരിക്കുന്ന സമരം. ഈ പഞ്ചായത്ത് ഭരണ സമിതികളാണ് ശക്തമായ നടപടി സ്വീകരിക്കുന്നത് എന്നതുകൊണ്ട് ഗവൺമെന്റിനെതിരെ കമ്പനികളെ സഹായിക്കണമെന്ന് ഗൂഢലക്ഷ്യമുണ്ട്. അതിന്റെ ഭാഗമായാണ് ഒരു വർഷം എന്നത് 3 വർഷമാക്കുന്നതിനാവശ്യമായ നീക്കം നടത്തിക്കൊണ്ടിരിക്കുന്നത്. .....(ബഹളം).....പക്ഷേ ഗവൺമെന്റിന്റെ നടപടി എന്നു പറയുന്നത് കൊക്കകോള കമ്പനിക്കനുകൂലമായ നിലപാടാണ്.

ശ്രീ. എ. കെ. ബാലൻ: സർ, പുതുശ്ശേരി പഞ്ചായത്തിലെ പെപ്സിക്കോള കമ്പനിക്ക് പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്തശേഷം ഗവൺമെന്റ് ഇടപെട്ട് ലൈസൻസ് പുതുക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: അത് യാഥാർത്ഥ്യമാണ്. ഈ നിലയിൽ ഒരുപാട് കാര്യങ്ങളുണ്ട്. ഇപ്പോൾ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇരുമ്പുരുക്ക് കമ്പനികളും ഒരുപാടെണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇതൊന്നും പഞ്ചായത്ത് ലൈസൻസ് കൊടുത്തതല്ല. സിംഗിൾ വിൻഡോ സ്കീമിന്റെ അടിസ്ഥാനത്തിൽ ഇഷ്ടംപോലെ വന്നിരിക്കുന്നു. പുതുശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഒരാൾ രണ്ട് മണിക്കൂർ നിന്നാൽ അയാളുടെ ശരീരത്തിൽ കറുത്ത നിറമുണ്ടാകും. അത്രയും രൂക്ഷമായ പ്രകൃതിപ്രശ്നമാണ്. അതൊരു രൂക്ഷമായ പ്രശ്നം തന്നെയാണ്. ആ സ്ഥാപനങ്ങൾ വേണ്ട എന്നുതന്നെയാണ് പറയുന്നത്. പ്രകൃതിയുടെ സന്തുലനം അട്ടിമറിക്കുന്ന, മനുഷ്യന് ജീവിക്കാൻ കഴിയാത്ത സാഹചര്യം അവിടെയുണ്ടായിട്ടുണ്ട്. അത് നിഷേധിക്കാൻ കഴിയില്ല. അതിനനുകൂലമായിട്ടുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. അനുകൂലമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റ് ഈ കമ്പനികളെ സഹായിക്കുന്നതുമായി ബന്ധപ്പെടുത്തിയുള്ള ഗൂഢലക്ഷ്യം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. അക്കാര്യം വളരെ വ്യക്തമാണ്. കൊക്കക്കോള കമ്പനി ശക്തമായ രൂപത്തിൽ ജലചൂഷണം നടത്തുന്നുണ്ട്. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകൾക്കാണ്. അത് ഭരണ ഘടനാപരമായ അവകാശമാണ്. ഭരണഘടനാപരമായിട്ടുള്ള അവകാശം കവർന്നെടുക്കാനുള്ള നീക്കം കോടതികൾ ഉൾപ്പെടെ നടത്തുന്ന ഒരു സമീപനമാണ് സ്വീകരിച്ചത്. പഞ്ചായത്ത് രാജ് ഭരണഘടനാ ഭേദഗതി പ്രകാരം പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പഞ്ചായത്തുകൾക്കാണ്. ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനം നടത്തുമ്പോൾ കേരള ഹൈക്കോടതി പറഞ്ഞു ഭരണഘടനാ ഭേദഗതിയൊന്നും പ്രശ്നമല്ല എന്ന്. കൊക്കക്കോള കമ്പനിക്ക് ലൈസൻസ് കൊടുക്കണമെന്ന സമീപനമാണ് ഹൈക്കോടതി സ്വീകരിച്ചിട്ടുള്ളത്. ആ നിലയിൽ ബഹുരാഷ്ട്ര കമ്പനികൾക്ക് എല്ലാ അർത്ഥത്തിലും പിൻതുണ കൊടുക്കുന്ന ഒരു സമീപനമാണ് നമ്മുടെ നാട്ടിൽ ഉയർന്നുവരുന്നത്. അത് സംരക്ഷിക്കുന്നതുമായി ബന്ധപ്പെടുത്തി ബഹുരാഷ്ട്ര കമ്പനികളെ സഹായിക്കുന്ന ഒരു സമീപനത്തിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഇവിടെ പഞ്ചായത്തുകളുടെ ടാക്സ് ഓരോ വർഷവും പിരിച്ച് പഞ്ചായത്തിന് Own fund ഉണ്ടാക്കുകയും അത് വികസനകാര്യങ്ങൾക്കുവേണ്ടി ചെലവാക്കുകയുമാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുവേണ്ടി സംസ്ഥാനം വിവിധ ഏജൻസികളിൽ നിന്ന് വാങ്ങിക്കുന്ന തുകയൊക്കെ ഉപയോഗപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്തുകളുടെ വികസന കാര്യങ്ങൾ നടത്തുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിലും നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടിയുള്ള പദ്ധതിയാണെങ്കിലും അതിന് പഞ്ചായത്ത് own fund വയ്ക്കണം. 25% own fund പഞ്ചായത്ത് വച്ചുകഴിഞ്ഞാൽ മാത്രമേ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയൂ. അതിന് പഞ്ചായത്തിന് own fund ഉണ്ടാകണം. പഞ്ചായത്തിന് own fund ഉണ്ടാകണമെങ്കിൽ ഇത്തരത്തിൽ ടാക്സുകൾ ഓരോ വർഷവും പിരിച്ചെടുക്കേണ്ടതുണ്ട്. ഓരോ വർഷവും പഞ്ചായത്തിന് വിവിധ ഏജൻസികളിൽനിന്ന് ടാക്സ് പിരിച്ചെടുക്കാൻ കഴിയാതെ വരുമ്പോൾ പഞ്ചായത്തിന്റെ വികസന കാര്യങ്ങൾ തടസ്സപ്പെടുന്ന ഒരു സംഗതിയാണ് ഉണ്ടാകുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ പെരുമാട്ടി ഗ്രാമ പഞ്ചായത്തിനുവേണ്ടി ഹാജരായ വക്കീൽ ഇതിനെ സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ നിലപാട് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു കോടതിയും പഞ്ചായത്തിന്റെ ഭരണഘടനാപരമായ അവകാശത്തിൽ കൈകടത്താൻ പാടില്ല എന്ന് സുപ്രീംകോടതി വിധി ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് സുപ്രീംകോടതിയിൽ കേസ് സുമായി ബന്ധപ്പെടുത്തി പോകുമെന്നു പറഞ്ഞത് സ്വാഗതാർഹമാണ്. അതോടൊപ്പം ഇത്തരമൊരു സമീപനം സ്വീകരിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുന്ന സമീപനമല്ല ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. നിരവധി കേസ്സുകൾ നടക്കുന്നുണ്ട്. പെരുമാട്ടി ഗ്രാമ പഞ്ചായത്ത് കേസ്സ് നടത്തുന്നുണ്ട്. പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് പെപ്സി കമ്പനിക്കെതിരായി സമരം നടത്തുന്നുണ്ട്. നേരത്തേ പറഞ്ഞ ഇരുമ്പുരുക്ക് കമ്പനികൾക്കെതിരായിട്ടും ഇത്തരം കേസ്സുകൾ നടത്തുന്നു. കേസ്സുകൾ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉണ്ട്. അതിന് ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്നു. ഒരു കേസ്സിന് ചെലവഴിക്കുന്ന പരമാവധി സംഖ്യ 3,000 രൂപ മാത്രമേ ആകാവൂ എന്ന് ഇതേ ഗവൺമെന്റ് തന്നെ പഞ്ചായത്തുകൾക്ക് ഓർഡർ കൊടുത്തിട്ടുണ്ട്. അതൊന്നും ബഹുമാനപ്പെട്ട മുസ്ലീംലീഗ് എം. എൽ. എ. മാരുടെ ശ്രദ്ധയിൽപ്പെടുകയില്ല. ഈ ഗവൺമെന്റ് തന്നെയാണ് ആ ഉത്തരവ് ഇറക്കിയിട്ടുള്ളത്. ആ നിലയിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ബഹുരാഷ്ട്ര കമ്പനികളെ സഹായിക്കുന്ന സമീപനവുമായി ബന്ധപ്പെടുത്തിയുള്ളതാണ് ഈ ബില്ലിന്റെ ലക്ഷ്യം എന്നുള്ളതുകൊണ്ട് എല്ലാ അർത്ഥത്തിലും അതിനെ എതിർക്കുകയാണ്. നമ്മുടെ നാട്ടിൽ സിംഗിൾ വിൻഡോ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നേരിട്ട് ഇഷ്ടംപോലെ ലൈസൻസ് കൊടുക്കുന്നുണ്ട്. അപ്പോൾ പഞ്ചായത്തിന്റെ ലൈസൻസ് ഒരു വർഷമെന്നുള്ളത് മൂന്ന് വർഷമാക്കേണ്ട ഒരു കാര്യമില്ല. വളരെ അനാവശ്യമായിട്ടുള്ള ഒരു ബില്ലാണിത്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുമോ എന്നതിനെ സംബന്ധിച്ചുള്ള സംശയം നമ്മുടെ നാട്ടിലുണ്ട്. തെരഞ്ഞെടുപ്പ് നടത്തണ്ട എന്നാണ് കോൺഗ്രസ് പറയുന്നത്; തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ലീഗ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. എന്ത് സംഭവിക്കുമെന്നുള്ളത് പറയാൻ പറ്റില്ല. കടമറ്റത്ത് കത്തനാർ സീരിയൽ കണ്ടിട്ടില്ലേ? കടമറ്റത്ത് കത്തനാരുടെ ശക്തി ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയാൽപ്പോലും നമുക്ക് ഇത് നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. പഞ്ചായത്ത് വാർഡിനേറയും ബ്ലോക്ക് വാർഡിനേറയും ജില്ലാ വാർഡിനേറയും അടിസ്ഥാനത്തിൽ വോട്ടർ പട്ടിക യൊക്കെ വന്നാൽപ്പോലും തെരഞ്ഞെടുപ്പ് നടത്താൻ കഴിയാത്ത നിലയിലാണ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. ഡീ-ലിമിറ്റേഷൻ കമ്മീഷനുമായി ബന്ധപ്പെടുത്തി.....

ശ്രീ. വി. കെ. സി. മമ്മദ്കോയ: പഞ്ചായത്തുകളിൽ ലൈസൻസ് മൂന്ന് കൊല്ലത്തേക്കല്ല അഞ്ച് കൊല്ലത്തേക്കായാലും അത് കൊടുക്കാൻ അവിടെ സെക്രട്ടറിമാരില്ലെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: കേരളത്തിലെ പല മേഖലകളിലും നടക്കുന്നതുപോലെ പഞ്ചായത്തിൽ ഒരു രേണവും നടക്കുന്നില്ല.

മി. സ്പീക്കർ: അദ്ദേഹത്തിന് 5 കൊല്ലം വേണമെന്നുള്ള അഭിപ്രായമാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: മൂന്ന് കൊല്ലമല്ല, ഒരു കൊല്ലമായാലും കാര്യങ്ങൾ നടപ്പിലാക്കാൻ ആളില്ല എന്നതാണ് അദ്ദേഹം പറഞ്ഞത്. അത് യാഥാർത്ഥ്യമാണ്. ഡീ-ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചശേഷം പഞ്ചായത്ത് വാർഡ് വിഭജിച്ചു. പഞ്ചായത്ത് വാർഡ് വിഭജിച്ചു വന്നപ്പോൾ 1500 വോട്ടർമാർ ഉണ്ടാകേണ്ട സ്ഥലത്ത് 500-ഉം 300-ഉം ഒക്കെയാണ് വന്നിട്ടുള്ളത്. അതിനെ സംബന്ധിച്ച് പരാതി കൊടുത്തു. പരാതിയിൻ മേൽ അന്വേഷണം നീണ്ടുപോകുകയാണ്. എന്ന് വാർഡ് വരുമെന്നതിനെ സംബന്ധിച്ച് യാതൊരുവിധ.....

ശ്രീ. പി. സി. ജോർജ്: സർ, പ്രധാനപ്പെട്ട ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് പറയുന്നത്. പഞ്ചായത്തിൽ സെക്രട്ടറിമാരില്ല. ഗവൺമെൻറിനെ കുറ്റപ്പെടുത്തുന്നില്ല. ഗവൺമെൻറ് ആ കാര്യത്തിൽ ശുഷ്കാന്തി കാണിച്ചിട്ടില്ല എന്നുള്ള പരാതിയാണ് എനിക്കുള്ളത്. ഹൈക്കോടതി കേസ് ആർഗ്യുമെൻറിന് വച്ചിട്ട് ആറ് മാസമായി ജഡ്ജ്മെൻറ് റിസർവ്വ് ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടപെടലാണ്. പ്യൂണിനെ വരെ പഞ്ചായത്തിന്റെ ചാർജ്ജ് വഹിക്കേണ്ട സ്ഥിതിയാണ് ഇന്ന് പഞ്ചായത്തിലുള്ളത്. ഇത് ഗതികേടാണ്; നിയമ സംവിധാനത്തിനുതന്നെ അപമാനമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ആറ് മാസമായി ജഡ്ജ്മെൻറ് റിസർവ്വ് ചെയ്തതുകൊണ്ട് പഞ്ചായത്ത് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. വി. ചെന്താമരാക്ഷൻ: ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞത് യാഥാർത്ഥ്യമാണ്. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വലിയ ചർച്ചകൾ ഇവിടെ വന്നു. തെരഞ്ഞെടുപ്പ് നടത്തുമെന്നാണ് വിശദീകരിക്കപ്പെട്ടത്. പക്ഷേ വിശദീകരിച്ചതിൽ യാഥാർത്ഥ്യമാണോ പറയുന്നത്? എങ്ങനെ യാഥാർത്ഥ്യമാക്കാൻ കഴിയും? ഇപ്പോഴും വാർഡ് ആയിട്ടില്ല, വോട്ടർ പട്ടിക ആയിട്ടില്ല, വോട്ടർ പട്ടിക വാർഡ് അടിസ്ഥാനത്തിലാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

2000-ൽ നടന്ന തെരഞ്ഞെടുപ്പിന്റെ വാർഡ് അടിസ്ഥാനത്തിലാണ് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. പുതിയ വാർഡ് എന്നാണ് വരുന്നതെന്നറിയില്ല. വാർഡ് വന്നിട്ടാണ് വോട്ടർ പട്ടിക ഉണ്ടാക്കേണ്ടത്. ഇപ്പോൾ പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിലെ ചില കാര്യങ്ങൾ പത്രത്തിൽ വന്നിട്ടുണ്ട്. അതിലൊന്ന് മരിച്ചുപോയ ഒരാളിന് പത്ത് വോട്ടുണ്ട് എന്നുള്ളതാണ്. അതുപോലെ നമ്മുടെ സഭയിലെ ഒരംഗത്തിന് വോട്ടില്ലെന്ന് പത്രത്തിൽ വാർത്ത വന്നു. ഇനി പുതിയ വാർഡിന്റെ അടിസ്ഥാനത്തിൽ വോട്ടർ പട്ടികയുണ്ടാക്കുമ്പോൾ ആരുടെയൊക്കെ പേരുണ്ടാകും ആരുടെയൊക്കെ പേരുണ്ടാകുകയില്ല എന്നു പറയാൻ കഴിയുമോ? നമ്മുടെ പേരുകൾ ഉണ്ടാകുമോ? അതിന് എന്താണ് ഉറപ്പ്? കഴിഞ്ഞ പത്ത്-മുപ്പത് വർഷത്തിനിടയിൽ കേരളത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ എന്നെങ്കിലും തെരഞ്ഞെടുപ്പ് യു. ഡി. എഫ്. നടത്തിയിട്ടുണ്ടോ? ഒരു വർഷമെന്തോ നടത്തി. അതാണ് കുഴപ്പമുണ്ടായത്. 1995-ൽ നിങ്ങൾ നടത്തിയതുതന്നെയാണ് ഇപ്പോൾ കുഴപ്പമുണ്ടായത്. മൂന്ന് തവണയും എൽ. ഡി. എഫ്. ആണ് തെരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. യു. ഡി. എഫ്. നടത്തിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയുള്ള ആശങ്കകൾ വന്നത്. ബഹുമാനപ്പെട്ട മന്ത്രി എന്തൊക്കെ പറഞ്ഞാലും ശരി, വലിയ സംശയങ്ങളും ആശങ്കകളും ഇതിനെ സംബന്ധിച്ചുണ്ട്. അതുകൊണ്ടാണ് ഇത്തരമൊരു ഡിസ്ക്ഷൻ ഉയർന്നു വരുന്നത്. ആ നിലയിലാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഒന്ന് രണ്ട് കാര്യങ്ങൾ പറയാനുണ്ട്. ലൈസൻസ് ഫീസ് മൂന്ന് വർഷത്തേക്ക് ആക്കിയാലും വരുമാനം കുറയുമെന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലൈസൻസ് ഫീസും അതിനനുസരിച്ച് വർദ്ധിപ്പിച്ചു കഴിഞ്ഞാൽ ആ പ്രശ്നം പരിഹരിക്കാൻ കഴിയും. അതുപോലെ.....

ശ്രീ. പി. സി. ജോർജ്: സർ, 17 കൊല്ലം പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താതെ സുഗമമായി പഞ്ചായത്ത് ഭരിച്ച മന്ത്രിയുടെ മകനാണ് ശ്രീ. അബ്ദുറബ്ബ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: അന്ന് ഈ നിയമമുണ്ടായിരുന്നില്ലായെന്നുള്ളത് ശ്രീ. പി. സി. ജോർജിന് അറിയാമല്ലോ. അന്നത്തെ നിയമത്തിൽ തെരഞ്ഞെടുപ്പ് നീട്ടാൻ ഗവൺമെന്റിന് അധികാരമുണ്ടായിരുന്നു. അതുകൊണ്ടാണ്. വേറൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് മൂന്ന് കൊല്ലത്തിലൊരിക്കൽ ലൈസൻസ് കൊടുക്കുമ്പോൾ അതിനിടയ്ക്കുവരുന്ന പുതിയ ഉല്പന്നങ്ങൾ ഈ വ്യാപാര സ്ഥാപനങ്ങളിൽ വരുമ്പോൾ അത് ഉൾപ്പെടുത്താനുള്ള പ്രത്യേകമായ ഫീസ് ഏർപ്പെടുത്താനുള്ള ശ്രമങ്ങളുണ്ടാകണം എന്നുള്ളതാണ്. മറ്റൊന്ന് പലപ്പോഴും വ്യാപാരം അല്ലെങ്കിൽ വ്യവസായം അവസാനിക്കുമ്പോൾ പലരും ലൈസൻസുകൾ റദ്ദ് ചെയ്യപ്പെടുന്നില്ല. വ്യാപാരം അവസാനിപ്പിക്കുമ്പോൾ ലൈസൻസ് പഞ്ചായത്തുകളിൽ സറണ്ടർ ചെയ്യാനും അതനുസരിച്ച് റദ്ദ് ചെയ്യാനുമുള്ള വകുപ്പുകൾകൂടി ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതൊരു ഗൂഢാലോചനയുടെ ഭാഗമൊന്നുമല്ല. വളരെ ഗുരുതരമായ ആലോചനയുടെ ഭാഗമാണ്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചൊക്കെ അങ്ങ് പറഞ്ഞു. സംസ്ഥാനത്ത് വ്യവസായ വളർച്ചയുണ്ടാകണം, സാമ്പത്തിക വളർച്ചയുണ്ടാകണം. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമൊക്കെ പ്രവർത്തിക്കുന്നത് സംസ്ഥാനത്തെ ജനങ്ങൾക്കു വേണ്ടിയാണ്. അപ്പോൾ ജനങ്ങളുടെ സൗകര്യവുംകൂടി നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. സാമ്പത്തിക വളർച്ചയ്ക്കു വേണ്ടി അവിടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും കച്ചവട സ്ഥാപനങ്ങളുമൊക്കെ പ്രവർത്തിക്കാനുതകുന്ന രീതിയിലുള്ള സാഹചര്യങ്ങളുണ്ടാകണം. അപ്പോൾ അവർക്ക്.....(ബഹളം)..... അതു നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ചർച്ച ചെയ്യാം. അതുകൊണ്ട് അവരുടെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി വ്യവസായ സ്ഥാപനങ്ങളും കച്ചവട സ്ഥാപനങ്ങളുമൊക്കെ പ്രവർത്തിക്കാനുതകുന്ന രീതിയിലുള്ള ഒരു സംവിധാനം ഇവിടെ ഉണ്ടാകേണ്ടതുണ്ട്. ഇവിടെ അദ്ദേഹം പരിസ്ഥിതിക്കുവേണ്ടി വാദിച്ചുകൊണ്ട് Single window system-ത്തെ എതിർത്തു. ഇവിടെ നിലവിലിരുന്ന എല്ലാ ഗവൺമെന്റുകളും ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചതും....(ബഹളം)....നമുക്ക് ഈ കാര്യത്തിലൊക്കെ ഒരു balanced view വേണം. നാം പരിസ്ഥിതിയേയും ജനങ്ങളേയും സംരക്ഷിക്കണം. അവരുടെ വളർച്ചയ്ക്കുതകുന്ന രീതിയിലുള്ള കാര്യങ്ങളും ചെയ്യണം. ഇവിടെ ഫീസ് കുറയ്ക്കാൻ വേണ്ടിയല്ല, മൂന്ന് കൊല്ലത്തേയ്ക്ക് ലൈസൻസ് കൊടുക്കാൻ വേണ്ടിയാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. വർഷം തോറും ലൈസൻസ് ഫീസ് ചുമത്തി ഫീസ് കുറയ്ക്കാനൊന്നും ഇതിൽ പറഞ്ഞിട്ടില്ല. തീർച്ചയായും പഞ്ചായത്തുകൾക്ക് മൂന്ന് കൊല്ലത്തെ ലൈസൻസ് ഒരു തവണ തന്നെ വാങ്ങാൻ കഴിയും. ഇത് നേരത്തെ മുനിസിപ്പാലിറ്റിക്കുമുണ്ടായിരുന്നു, ഇത് ഇന്ന് ചർച്ച ചെയ്തതാണ്, മറ്റ് രീതിയിലുള്ള വിഷയമൊന്നും ഇതിന്റെ പിന്നിലില്ല. ഇതിൽ തീർച്ചയായും നമ്മുടെ നാട്ടിലെ സാമ്പത്തിക വളർച്ചയ്ക്കുതകുന്ന രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചത്.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(8) 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഇതിനു സമാനമായ മുനിസിപ്പാലിറ്റിയുടെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ സംസാരിക്കുന്നില്ല.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, വ്യവസായങ്ങളും ഫാക്ടറികളും മറ്റു വ്യാപാര സ്ഥാപനങ്ങളും തുടങ്ങുന്നതിനുള്ള ലൈസൻസുകളും അനുവാദവും മറ്റും ഒരു വർഷക്കാലത്തേയ്ക്കാണ് നൽകുന്നത്. അപ്രകാരം നൽകുന്ന അനുവാദവും ലൈസൻസുകളും പുതുക്കുന്നതും ഒരു വർഷത്തേയ്ക്കാണ്. പ്രസ്തുത കാലയളവ് ഒരു വർഷത്തിൽ നിന്നും മൂന്ന് വർഷമായി ദീർഘിപ്പിക്കുന്നതിനുള്ള അധികാരമാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റിന് നൽകപ്പെടുന്നത്. ഏതെങ്കിലും ഒരു ഫാക്ടറിയോ അതല്ലെങ്കിൽ ഒരു വ്യാപാര സ്ഥാപനമോ ഒരു വർഷം കൊണ്ട് അതിന്റെ പൂർണ്ണതയിൽ എത്തുന്നില്ല. ഏതെങ്കിലും കാരണത്താൽ അത് പുതുക്കിക്കൊടുക്കാതെ വന്നാൽ പലപ്പോഴും വളരെ പ്രയാസം അനുഭവിക്കേണ്ടി വരും. ഒരു സ്ഥാപനം ആദ്യഘട്ടത്തിൽ അത് വളർത്തിയെടുക്കുന്നതിന് വളരെയധികം പ്രയാസങ്ങളുണ്ട്. അതുകൊണ്ടുതന്നെ കുറേക്കൂടി ആ സ്ഥാപനങ്ങൾ വളർത്തിയെടുക്കുന്നതിന്, കൂടുതൽ കൂടുതൽ കാലയളവിലേയ്ക്ക് അത് ദീർഘിപ്പിക്കപ്പെട്ടുകൊടുക്കേണ്ടതുണ്ട്. അതുകൊണ്ട് മൂന്ന് വർഷത്തേയ്ക്ക് എന്നുള്ള.....

ശ്രീ. എ. കെ. ബാലൻ: സർ, I am raising a point of order. ഇത് 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ബിൽ ആണ്. Details of the candidate, criminal background, details of assets. അതുമായി ബന്ധപ്പെട്ടതാണ് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ....(ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly